ചാത്തന്നൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. വർക്കുകൾ

124 [314] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. വർക്കുകളുടെ വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഇത്തിക്കര ബ്ലോക്കിൻ കീഴിൽ നബാർഡ് ആർ.ഐ.ഡി.എഫ്. IV-ൽ 7.68 ലക്ഷം രൂപയ്ക്ക് വരിഞ്ഞം-കൈതേരി ജംഗ്ഷൻ, അടുതല-കുരിശ്ശടി ജംഗ്ഷൻ എന്നീ റോഡുകളുടെ പണിയും, ആർ.ഐ.ഡി.എഫ്. V-ൽ 10.47 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ള നല്ലില ട്രാൻസ്ഫോർമർ ജംഗ്ഷൻ മുതൽ പഴങ്ങാലം വരെയുള്ള റോഡിന്റെ പണിയും (മൊത്തം 2 വർക്കുകൾ) മാത്രമേ ഇതുവരെ അനുവദിച്ചിട്ടുള്ളൂ. ഈ പണികൾ യഥാക്രമം 29-7-2000-ത്തിലും 10-5-2004-ലും പൂർത്തീകരിക്കുകയുണ്ടായി.

എൻ.ആർ.ഇ.പി. പദ്ധതി

125 [315] ശ്രീ. പി. കെ. അബ്ദുറബ്ബ്:

" സി. മോയിൻകുട്ടി:

" പി. കെ. കെ. ബാവ:

" ഇസ്ഹാക്ക് കുരിക്കൾ:

" ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 വർഷത്തിൽ എൻ.ആർ.ഇ.പി. പദ്ധതി പ്രകാരമുള്ള ഗ്രാമീണ റോഡുകളുടെ സംരക്ഷണത്തിന് എന്ത് തുക ആവശ്യമുണ്ടായിരുന്നു;

(ബി) ഇതിലേക്ക് എന്ത് തുക അനുവദിച്ചു;

(സി) അതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2003-2004-ൽ എൻ.ആർ.ഇ.പി. ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപയാണ് ആവശ്യമായിരുന്നത്.

(ബി) 2003-2004-ൽ ഇതിലേക്കായി 289 ലക്ഷം രൂപ അനുവദിച്ചു.

(സി) 289 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly